പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

08.01.2014ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ. 989

# ബാർബർ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ ബേബി<br>ശ്രീ. എം.ചന്ദ്രൻ<br>ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ) | ശ്രീ . ഷിബു ബേബി ജോൺ<br>(ബഹു: തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി) |
| (എ) ബാർബർ തൊഴിലാളികളുടെ ക്ഷേമത്തിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം സർക്കാർ അവലോകനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ഉണ്ട്. കേരള ബാർബർ - ബ്യൂട്ടീഷ്യൻസ് തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഓരോ വർഷത്തേയും ഭരണ / ഓഡിറ്റ് റിപ്പോർട്ടുകൾ പരിശോധിക്കാറുണ്ട്. കൂടാതെ, പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നേരിട്ട് പരിശോധന നടത്തി നിർദ്ദേശം നൽകാറുണ്ട്. |
| (ബി) പ്രസ്തുത തൊഴിലാളികൾക്ക് ഇപ്പോൾ നൽകിക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ; ഇവ കാലോചിതമായി പരിഷ്കരിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; | (ബി) കേരള ബാർബർ - ബ്യൂട്ടീഷ്യൻ ക്ഷേമപദ്ധതിയിലെ തൊഴിലാളികൾക്ക് വിവാഹം, പ്രസവം, വിദ്യാഭ്യാസം, മരണാനന്തര ധനസഹായം തുടങ്ങിയ ആനുകൂല്യങ്ങൾ നൽകിവരുന്നു. കൂടാതെ, പദ്ധതിയിൽ അംഗത്വം എടുത്ത് 60 വയസ്സായവർക്ക് പെൻഷൻ നൽകിവരുന്നു. ആനുകൂല്യങ്ങൾ പരിഷ്കരിക്കുന്നത് സംബന്ധിച്ച വിഷയം നിലവിൽ പരിഗണനയിലില്ല. |
| (സി) ബാർബർ തൊഴിലാളികളുടെ അസോസിയേഷൻ അവരുടെ ആവശ്യങ്ങളടങ്ങുന്ന നിവേദനം സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; എങ്കിൽ എന്തെല്ലാം ആവശ്യങ്ങളാണ് പ്രസ്തുത തൊഴിലാളികൾ ഉന്നയിച്ചിട്ടുള്ളത് ; | (സി) ഉണ്ട്. നിവേദനത്തിൽ പെൻഷൻ, ആനുകൂല്യം മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം, റിട്ടയർമെന്റാനുകൂല്യം എന്നിവ വർദ്ധിപ്പിക്കുക, ബാർബർ- ബ്യൂട്ടീഷ്യൻസ് തൊഴിലാളികൾക്ക് ഹെൽത്ത് കാർഡ് അനുവദിക്കുക, ബാർബർ - ബ്യൂട്ടീഷ്യൻസ് സ്ഥാപനങ്ങളുടെ നവീകരണത്തിന് സാമ്പത്തിക സഹായം അനുവദിക്കുക, കേരള ബാർബർ- ബ്യൂട്ടീഷ്യൻസ് ക്ഷേമപദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ചിട്ടുണ്ട്. |

| | |
|---|---|
| (ഡി)അസോസിയേഷൻ ഉന്നയിച്ചിരിക്കുന്ന ആവശ്യങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ; ഓരോ ആവശ്യവും സംബന്ധിച്ച സർക്കാർ നിലപാട് വ്യക്തമാക്കുമോ; | (ഡി) ഉണ്ട്. പദ്ധതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് ആവശ്യങ്ങൾ ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) കേരളത്തിൽ ബാർബർ തൊഴിലിലേർപ്പെട്ടിരിക്കുന്ന എത്ര തൊഴിലാളികളുണ്ട്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ ? | (ഇ)കേരള ബാർബർ - ബ്യൂട്ടീഷ്യൻസ് ക്ഷേമപദ്ധതിയിൽ 25377 അംഗങ്ങളുണ്ട്. ജില്ല തിരിച്ചുള്ള ലിസ്റ്റ് ചുവടെ ചേർക്കുന്നു. |

| | | |
|---|---|---|
| തിരുവനന്തപുരം | - | 1919 |
| കൊല്ലം | - | 2471 |
| പത്തനംതിട്ട | - | 7262 |
| ആലപ്പുഴ | - | 2281 |
| കോട്ടയം | - | 1879 |
| ഇടുക്കി | - | 455 |
| എറണാകുളം | - | 1236 |
| തൃശ്ശൂർ | - | 1061 |
| പാലക്കാട് | - | 951 |
| മലപ്പുറം | - | 924 |
| കോഴിക്കോട് | - | 1846 |
| വയനാട് | - | 256 |
| കണ്ണൂർ | - | 2153 |
| കാസർഗോഡ് | - | 683 |

സെക്ഷൻ ഓഫീസർ